**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4222** **06-03-2023 - ൽ മറുപടിയ്ക്ക്**

**പ്രോജക്ക് മാനേജ്മെന്റ് കൺസൾട്ടൻസികൾക്ക് ടെൻഡർ കൂടാതെ വർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആസ്തി വികസന ഫണ്ട് വഴി ഒരു കോടി രൂപ വരെയുള്ള പ്രവൃത്തികൾ നോൺ പ്രോജക്ക് മാനേജ്മെന്റ് കൺസൾട്ടൻസികൾക്ക് നൽകിയതുപോലെ പി.എം.സി.(പ്രോജക്ക് മാനേജ്മെന്റ് കൺസൾട്ടൻസി) കൾക്കും ടെൻഡർ കൂടാതെ പ്രവൃത്തികൾ നൽകി പ്രസ്തുത ഏജൻസികളെ കൊണ്ട് പ്രൈസ് സോഫ്റ്റ്‌വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ഏജൻസികളുടെ തിരഞ്ഞെടുപ്പും പ്രവർത്തനരീതിയും വിശദീകരിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉത്തരവുകളും ആസ്തിവികസന പദ്ധതിയിലും ബാധകമാണ്. സ .ഉ(അച്ചടി)നം.67/2021/ധന, തീയതി: 28/04/2021 പ്രകാരം എല്ലാ PMC, Non PMC കളുടെയും തിരഞ്ഞെടുപ്പ് സുതാര്യമായ ടെൻഡർ നടപടികളിൽ കൂടിയായിരിക്കണമെന്ന് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ സ.ഉ.(പി).നം.7/2022/ധന, തീയതി 17/01/2022 ഉത്തരവ് പ്രകാരം 1 കോടി രൂപ വരെയുള്ള പ്രവൃത്തികൾ, ഭരണവകുപ്പുകൾക്ക് ബിഡിങ് പ്രക്രിയ ഇല്ലാതെ നേരിട്ട് Non PMC സ്റ്റാറ്റസ് ഉള്ള അക്രെഡിറ്റഡ് ഏജൻസികൾക്ക് നൽകാവുന്നതാണ് (to be executed within the applicable Schedule of Rates) എന്നും ഉത്തരവായിരുന്നു. അടിയന്തിര പ്രാധാന്യം ഉള്ളതും എന്നാൽ താരതമ്യേന ചെറുതുമായ പ്രവൃത്തികൾക്ക് ടെൻഡർ നടപടികളിലൂടെ ഉണ്ടാകുന്ന കാലവിളംബം ഒഴിവാക്കാൻ വേണ്ടി മാത്രമാണ് ഇങ്ങനെയൊരു ഇളവ് സർക്കാർ Non PMC ഏജൻസികൾക്ക് അനുവദിച്ചിട്ടുള്ളത്.മേൽ ഉത്തരവുകൾ ആസ്തി വികസന പദ്ധതി ഉൾപ്പെടെ സംസ്ഥാനത്ത് നടപ്പാക്കുന്ന എല്ലാ പദ്ധതികൾക്കും പൊതുവായുള്ള മാർഗ്ഗനിർദ്ദേശം ആണ്. ആയതിനാൽ ഗുണഭോക്തൃ വകുപ്പുകൾക്ക് മാത്രമേ ഇപ്രകാരം Non PMC ഏജൻസികളെ തിരഞ്ഞെടുക്കുന്നതിനുള്ള അധികാരമുള്ളൂ |
| (ബി) | ആസ്തി വികസന ഫണ്ട് വഴിയുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ഏജൻസിയെ നിർണ്ണയിക്കുന്നതിനുള്ള അധികാരം എം.എൽ.എ. മാർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഏജൻസികളുടെ തിരഞ്ഞെടുപ്പും പ്രവർത്തനരീതിയും വിശദീകരിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉത്തരവുകളും ആസ്തിവികസന പദ്ധതിയിലും ബാധകമാണ്. സ .ഉ(അച്ചടി)നം.67/2021/ധന, തീയതി: 28/04/2021 പ്രകാരം എല്ലാ PMC, Non PMC കളുടെയും |

| | | | |
|---|---|---|---|
| | | | തിരഞ്ഞെടുപ്പ് സുതാര്യമായ ടെൻഡർ നടപടികളിൽ കൂടിയായിരിക്കണമെന്ന് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ സ.ഉ.(പി).നം.7/2022/ധന, തീയതി 17/01/2022 ഉത്തരവ് പ്രകാരം 1 കോടി രൂപ വരെയുള്ള പ്രവൃത്തികൾ, ഭരണവകുപ്പുകൾക്ക് ബിഡിങ് പ്രക്രിയ ഇല്ലാതെ നേരിട്ട് Non PMC സ്റ്റാറ്റസ് ഉള്ള അക്രെഡിറ്റഡ് ഏജൻസികൾക്ക് നൽകാവുന്നതാണ് (to be executed within the applicable Schedule of Rates) എന്നും ഉത്തരവായിരുന്നു. അടിയന്തിര പ്രാധാന്യം ഉള്ളതും എന്നാൽ താരതമ്യേന ചെറുതുമായ പ്രവൃത്തികൾക്ക് ടെൻഡർ നടപടികളിലൂടെ ഉണ്ടാകുന്ന കാലവിളംബം ഒഴിവാക്കാൻ വേണ്ടി മാത്രമാണ് ഇങ്ങനെയൊരു ഇളവ് സർക്കാർ Non PMC ഏജൻസികൾക്ക് അനുവദിച്ചിട്ടുള്ളത്. മേൽ ഉത്തരവുകൾ ആസ്തി വികസന പദ്ധതി ഉൾപ്പെടെ സംസ്ഥാനത്ത് നടപ്പാക്കുന്ന എല്ലാ പദ്ധതികൾക്കും പൊതുവായുള്ള മാർഗ്ഗനിർദ്ദേശം ആണ്. ആയതിനാൽ ഗുണഭോക്തൃ വകുപ്പുകൾക്ക് മാത്രമേ ഇപ്രകാരം Non PMC ഏജൻസികളെ തിരഞ്ഞെടുക്കുന്നതിനുള്ള അധികാരമുള്ളൂ |
| (സി) | നോൺ പി.എം.സി. ആനുകൂല്യം പറ്റിക്കൊണ്ട് ലഭിക്കുന്ന പ്രവൃത്തികൾ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പ്രസ്തുത ഏജൻസികൾ മറ്റ് ഏജൻസികൾക്ക് ടെൻഡർ ചെയ്ത് നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (സി) | ശ്രദ്ധയിൽ പെട്ടിട്ടില്ല |
| (ഡി) | ബഡ്ജറ്റിൽ നോൺ പി.എം.സി. കൾക്ക് നൽകുന്നതിനുള്ള തുക ആസ്തി വികസന ഫണ്ടിൽ വകയിരുത്തിയതുപോലെ പി.എം.സി. കൾക്കും ടെൻഡർ കൂടാതെയുള്ള പ്രവൃത്തികൾക്ക് തുക വകയിരുത്താത്തത് കാരണം പി.എം.സി. കൾ പൂർത്തിയാക്കിയ പ്രവൃത്തികളുടെ ബില്ലുകൾ മാറിനൽകാതിരിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | LAC-ADS ലെ മാർഗ്ഗരേഖ പ്രകാരം എഞ്ചിനീയറിംങ് വിംഗുകളുള്ള വകുപ്പുകളാണെങ്കിൽ അതാത് വകുപ്പുകൾക്ക് തന്നെയാണ് പ്രവൃത്തികൾ നടപ്പിലാക്കാനുള്ള ഉത്തരവാദിത്തം. പ്രവൃത്തിയുടെ ഗുണഭോക്തൃ വകുപ്പുകൾ പ്രവൃത്തി വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്ന മുറയ്ക്ക് വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ശീർഷകങ്ങളുടെ നിയന്ത്രണാധികാരി ബില്ലുകൾ മാറി നൽകുന്ന രീതിയാണ് തുടർന്ന് വരുന്നത്. ഇതിനുപുറമേ നോൺ പി.എം.സി./പി.എം.സി. വേർതിരിവ് ഇല്ലാതെ അക്രഡിറ്റഡ് ഏജൻസികൾ മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികളുടെ ബിൽ തുക നേരിട്ട് അനുവദിയ്ക്കുന്നതിന് ധനകാര്യ സെക്രട്ടറി നിയന്ത്രണാധികാരിയായി പ്രത്യേക ശീർഷകത്തിന്റെ കീഴിൽ ആവശ്യമായ തുക വകയിരുത്തിവരുന്നുമുണ്ട്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സമർപ്പിയ്ക്കുന്ന ആസ്തിവികസന നിധിയിലെ ബില്ലുകൾ മാറുന്നതിന് നിലവിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | | | മാത്രമല്ല ആസ്തി വികസന നിധിയുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഫണ്ടിന്റെ അപര്യാപ്തത ചൂണ്ടിക്കാണിക്കുന്ന മുറയ്ക്ക് അടിയന്തിരമായി അധിക ധനാനുമതി നൽകുന്നതിനും ധനകാര്യ വകുപ്പ് ശ്രദ്ധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ